**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2507** | **09.07.2015** -ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി (റൂസ)

*ചോദ്യം*

ശ്രീ. ജി. സുധാകരൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ആർ. രാജേഷ്
,, ബി. സത്യൻ :

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ' വഴി സംസ്ഥാനത്തിന് നാമമാത്രമായ ഫണ്ടുവിഹിതമാണ് അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക കുറയാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ ഹയർ എഡ്യുക്കേഷൻ പ്ലാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ റൂസ മിഷൻ അതോറിറ്റിക്ക് സമർപ്പിക്കുകയുണ്ടായി. പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ നിർദ്ദേശം അനുസരിച്ച് സർവകലാശാലകൾക്കും കോളേജുകൾക്കുമുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റുകൾക്കാണ് പ്രാമുഖ്യം നൽകിയത്. അതിനനുസരിച്ച് 63 സർക്കാർ കോളേജുകൾക്കും 6 സർവകലാശാലകൾക്കും വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റിനാണ് അപേക്ഷിച്ചിരുന്നത്. അതിൽ നിന്ന് 15 സർക്കാർ കോളേജുകളെയും 4 സർവകലാശാലകളെയുമാണ് റൂസ പരിഗണിച്ചത്. ബാക്കിയുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും അക്രഡിറ്റേഷൻ കിട്ടുന്ന മുറയ്ക്ക് തുക അനുവദിക്കാമെന്ന് റൂസ മിഷൻ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 15 സർക്കാർ കോളേജുകൾക്ക് 2 കോടി രൂപ വീതവും 4 സർവകലാശാലകൾക്ക് 20 കോടി |

| | | | |
|---|---|---|---|
| | | | രൂപ വീതവും അങ്ങനെ മൊത്തം 110 കോടി രൂപ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുവദിക്കുകയുമായി. |
| (ബി) | എന്തു തുകയ്ക്കുള്ള പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത്; ലഭിച്ച തുകയെത്ര ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേന്ദ്ര പദ്ധതിയായ റൂസ പ്രകാരം 18 കമ്പോണന്റുകൾക്കാണ് സംസ്ഥാനങ്ങൾക്ക് പദ്ധതി സമർപ്പിക്കാം. ഇതു പ്രകാരം 2014-15 ലേയ്ക്ക് 133.46 കോടിയും 2015-16 ലേയ്ക്ക് 606.87 കോടിയും 2016-17 ലേയ്ക്ക് 518.42 കോടിയും അങ്ങനെ മൊത്തം 1258.75 കോടി രൂപ യുടെ പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചത്. ഇതിൽ സർക്കാർ കോളേജുകൾക്കും സർവകലാശാലകൾക്കുമുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റിനുള്ള ശുപാർശകളാണ് പ്രോജക്ട് അപ്രൂവൽ ബോർഡ് പരിഗണിച്ചത്. 63 സർക്കാർ കോളേജുകൾക്കും 6 സർവകലാശാലകൾക്കും വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റിനാണ് അപേക്ഷിച്ചിരുന്നത്. അതിൽ നിന്ന് 15 സർക്കാർ കോളേജുകളെയും 4 സർവകലാശാലകളെയുമാണ് റൂസ പരിഗണിച്ചത്. ബാക്കിയുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും അക്രഡിറ്റേഷൻ കിട്ടുന്ന മുറയ്ക്ക് തുക അനുവദിക്കാമെന്ന് റൂസ മിഷൻ അതോറിറ്റി അറിയിച്ചിട്ടു ണ്ട്. 15 സർക്കാർ കോളേജുകൾക്ക് 2 കോടി വീതവും 4 സർവകലാശാലകൾക്ക് 20 കോടി വീതവും അങ്ങനെ മൊത്തം 110 കോടി രൂപ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുവദിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | 'റൂസ' ഫണ്ട് വിഹിതം വളരെ കുറഞ്ഞുപോയത് സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | റൂസ ഫണ്ട് വിഹിതം കുറഞ്ഞ് പോയത് സംസ്ഥാനത്തെ കോളേജുകളുടെയും സർവകലാശാലകളുടെയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കില്ല. അക്രഡിറ്റേഷനുള്ള 15 സർക്കാർ കോളേജുകൾക്ക് രണ്ട് കോടി രൂപ വീതവും 4 സർവകലാശാലകൾക്ക് 20 കോടി രൂപ വീതവും അങ്ങനെ മൊത്തം 110 കോടി രൂപ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുവദിക്കുകയുണ്ടായി ബാക്കിയുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും അക്രഡിറ്റേഷൻ കിട്ടുന്ന മുറയ്ക്ക് തുക അനുവദിക്കാമെന്ന് റൂസ മിഷൻ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് മറ്റുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാക് അക്രഡിറ്റേഷന് പോകാൻ പ്രേരണ നൽകും |
| (ഡി) | പദ്ധതി തയ്യാറാക്കുന്നതിലും കേന്ദ്രത്തിന് സമർപ്പിക്കുന്നതിലും ഉന്നതവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും തമ്മിൽ തർക്കം നിലനിന്നിരുന്നോ; ഇതുകാരണം പ്രോജക്ട് അപ്രൂവൽ ബോർഡിനു മുന്നിൽ യഥാസമയം പദ്ധതി സംബന്ധിച്ച് വിശദീകരണം നൽകുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പദ്ധതി തയ്യാറാക്കുന്നതിലും കേന്ദ്രത്തിൽ സമർപ്പിക്കുന്നതിലും ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും തമ്മിൽ തർക്കം നിലനിന്നിരുന്നില്ല. കൃത്യസമയത്ത് തന്നെ പ്രോജക്ട് അപ്രൂവൽ ബോർഡിന് പദ്ധതി സമർപ്പിച്ചിരുന്നു. |
| (ഇ) | പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നു; ഇതിനായി നേരത്തെ നിയോഗിക്കപ്പെട്ടവർ ആരെല്ലാമായിരുന്നു; തീരുമാനം മാറ്റാനുണ്ടായ കാരണം വിശദമാക്കാമോ? | (ഇ) | പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ പ്രതിനിധികരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ പ്രതിനിധികരിച്ച് റിസർച്ച് ഓഫീസർ ശ്രീ. ക്രിസ്റ്റി ക്ലമന്റും പങ്കെടുത്തു. <br><br> ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ സെക്രട്ടറി, ശ്രീ.ക്രിസ്റ്റി ക്ലമന്റ് എന്നിവരടങ്ങിയ സംഘത്തെയാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും സർക്കാരിന്റെ ചെലവ് ചുരുക്കൽ നടപടിയുടെ ഭാഗമായി വകുപ്പിനെ പ്രതിനിധീകരിച്ച് സെക്രട്ടറി മാത്രം പങ്കെടുത്താൽ മതിയെന്ന് തീരുമാനിക്കുകയായിരുന്നു. |

സെക്ഷൻ ഓഫീസർ